## പിടികിട്ടാപ്പുള്ളി ഉൾപ്പെടെ രണ്ട് പേർ പിടിയിൽ

കഞ്ചാവ് കേസിൽ പിടികിട്ടാപ്പുള്ളി ഉൾപ്പെടെ രണ്ട് പേർ പിടിയിൽ. ചേരാനല്ലൂർ പള്ളിപ്പറമ്പിൽ ബേബി (42), കപ്രശേരി മൂക്കുട്ടത്തിൽ പറമ്പിൽ അജീഷ് (31) എന്നിവരെയാണ് നെടുമ്പാശേരി പോലീസ് അറസ്റ്റ് ചെയ്തത്. രണ്ടേമുക്കാൽ കിലോ കഞ്ചാവുമായി കപ്രശേരി കൊല്ലംപറമ്പിൽ ഉണ്ണികൃഷ്ണനെ പിടികൂടിയ കേസിന്റെ ഭാഗമായാണ് അറസ്റ്റ്. ഉണ്ണികൃഷ്ണനും അജീഷും ചേർന്നാണ് കഞ്ചാവ് വിൽപന നടത്തുന്നത്. ഒഡീഷയിൽ നിന്ന് കഞ്ചാവ് എത്തിച്ചു കൊടുക്കുന്നത് ബേബിയാണ്. വൻതോതിൽ കഞ്ചാവ് എത്തിക്കുന്ന സംഘത്തിലെ പ്രധാനിയാണ് ഇയാൾ. വരാപ്പുഴ എക്സൈസ് സംഘം 2021 ൽ ഇടപ്പള്ളിയിലെ ഒരു വീട്ടിൽ നിന്ന് 96.3 കിലോഗ്രാം കഞ്ചാവ് പിടികൂടിയപ്പോൾ ബേബി ഓടി രക്ഷപ്പെട്ടിരുന്നു. കൊരട്ടിയിൽ വാഹന പരിശോധനക്കിടയിൽ 58.5 കിലോഗ്രാം കഞ്ചാവ് പിടികൂടിയപ്പോഴും ഇയാൾ ഓടി രക്ഷപ്പെട്ടു. രണ്ട് കേസിലും പിടികിട്ടാപ്പുള്ളിയാണ്. ഇൻസ്പെക്ടർ ബി.കെ അരുൺ , എസ്.ഐമാരായ വി.എസ്.ഷിജു, എ.സി ബിജു, പി.പി. അഭിലാഷ്, തോമസ് ജോസഫ്, പി.പി സണ്ണി, എ.എസ്.ഐ റോണി അഗസ്റ്റിൻ സി.പി.ഒ മാരായ ഗയോസ് , അബ്ദുൾ ഖാദർ തുടങ്ങിയവരാണ് അന്വേഷണ സംഘത്തിലുള്ളത്.